## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല
## കോഓർഡിനേഷൻ സമിതി

**26.06.2013–ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 8 മണിക്ക് ബഹു. പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു. ഗ്രാമ വികസന വകുപ്പുമന്ത്രിയും സന്നിഹിതനായിരുന്നു.

1. സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 19.06.2013-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

**2.1** 2013–14 വാർഷിക പദ്ധതിയിൽ സംസ്ഥാനത്ത് ഇതുവരെ 1208 തദ്ദേശഭരണ സ്ഥാപനങ്ങളിലായി 196801 പ്രോജക്ടുകളുടെ ഡാറ്റാഎൻട്രി നടത്തിയിട്ടുള്ളതായും ഇവയുടെ മൊത്തം അടങ്കൽ 9887 കോടി രൂപയാണെന്നും വിലയിരുത്തി. ജില്ലാ പഞ്ചായത്തുകളിൽ ആകെ 7665 പ്രോജക്ടുകളുടെ ഡാറ്റാഎൻട്രിയാണ് നടന്നത്. അവയുടെ അടങ്കൽ 1090 കോടി രൂപയാണ്. ആലപ്പുഴ, കൊല്ലം ജില്ലാ പഞ്ചായത്തുകൾ പദ്ധതി രൂപീകരണത്തിൽ ഇപ്പോഴും പിന്നിലാണെന്നു കാണുക യുണ്ടായി. ഏകദേശം 25 ശതമാനം ഫണ്ടിനു മാത്രമാണ് പ്രസ്തുത ജില്ലാ പഞ്ചായത്തുകളിൽ പ്രോജക്ടുകളുടെ ഡാറ്റാഎൻട്രി നടന്നിട്ടുള്ളത്. സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളെല്ലാം കൂടി 14819 പ്രോജക്ടുകളുടെ ഡാറ്റാഎൻട്രി നടന്നതായും അവയുടെ അടങ്കൽ 1002 കോടി രൂപയാണെന്നും നിരീക്ഷിച്ചു. മുനിസിപ്പൽ കോർപ്പറേഷനുകളിലെല്ലാം കൂടി 4448 പ്രോജക്ടുകളുടെ ഡാറ്റാഎൻട്രി നടന്നതായും അവയുടെ അടങ്കൽ 595 കോടിയാണെന്നും വ്യക്തമായി. തിരുവനന്തപുരം, തൃശൂർ കോർപ്പറേഷനുകൾ പദ്ധതി രൂപീകരണത്തിൽ ഇപ്പോഴും പിന്നിലാണെന്നും കാണുകയുണ്ടായി. 977 ഗ്രാമപഞ്ചായത്തുകളിലായി 158114 പ്രോജക്ടുകളുടെയും (അടങ്കൽ 5646 കോടി രൂപ), 152 ബ്ലോക്ക് പഞ്ചായത്തുകളിലായി 11784 പ്രോജക്ടു കളുടെയും (അടങ്കൽ 1565 കോടി രൂപ) ഡാറ്റാഎൻട്രി നടന്നിട്ടുണ്ട്. 167500 പ്രോജക്ടുകളുടെ വെറ്റിംഗ് പൂർത്തിയായതായും 118000 പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണസമിതികൾ അംഗീകാരം നൽകിയതായും വിലയിരുത്തി. ഫണ്ടിന്റെ 50 ശതമാനത്തിനുപോലും പ്രോജക്ടുകൾ രൂപീകരിച്ചിട്ടില്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവരങ്ങൾ വെബ്സൈറ്റിൽ നൽകുന്നതിന് ഐ.കെ.എം.നെ ചുമതലപ്പെടുത്തി.

**2.2** ഗ്രാമപഞ്ചായത്തുകൾക്കും, മുനിസിപ്പാലിറ്റികൾക്കും, കോർപ്പറേഷനുകൾക്കും ഡാറ്റാഎൻട്രി നടത്തുന്നതിന് അനുവദിച്ച സമയം അവസാനിച്ചിരിക്കുന്ന സാഹചര്യത്തിൽ അവയിൽ ഏതെങ്കിലും തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യ പ്പെടുകയാണെങ്കിൽ മാത്രം അതിന്റെ മെരിറ്റ് പരിശോധിച്ച് ജൂൺ 28 വരെ ഡാറ്റാഎൻട്രിക്ക് സൗകര്യം നൽകാൻ സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറെ ചുമതലപ്പെടുത്തി.

**2.3** പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയിലെ മൂന്നാം വർഷ പദ്ധതി രൂപീകരണം സംബന്ധിച്ച് ഇനി പറയുന്ന സമയക്രമം പാലിക്കാൻ തീരുമാനിച്ചു. നിലവിലുള്ള ആസൂത്രണ മാർഗരേഖയിലും സബ്സിഡി മാനദണ്ഡങ്ങളിലും രണ്ടുവർഷക്കാ ലത്തെ അനുഭവങ്ങളുടെ വെളിച്ചത്തിൽ ആവശ്യമായ പരിഷ്ക്കാരങ്ങൾ വരുത്തേ ണ്ടതാണെന്നും, അതിനുവേണ്ടിയുള്ള സ്റ്റേക്ക് ഹോൾഡർ ചർച്ചകൾ ആഗസ്റ്റ് മാസത്തിൽ പൂർത്തീകരിക്കണമെന്നും പരിഷ്ക്കരിച്ച മാർഗരേഖകൾ സെപ്തംബർ 15നകം പ്രസിദ്ധീകരിക്കണമെന്നും തീരുമാനിച്ചു. നടപ്പു വർഷത്തെ പദ്ധതി നിർവഹണ പുരോഗതി വിലയിരുത്തുന്നതിന് പ്രാദേശികതലത്തിൽ ബഹു.മന്ത്രി

മാരുടെ കൂടി സാന്നിദ്ധ്യത്തിൽ ഒക്ടോബർ മാസത്തിൽ അവലോകനയോഗങ്ങൾ സംഘടിപ്പിക്കുന്നതാണ്. ഇക്കാലയളവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ പദ്ധതിയെ സംബന്ധിച്ച് ദ്രുതവിശകലനം (rapid appraisl) നടത്തേണ്ട താണ്. നവംബർ 1 ന് തദ്ദേശഭരണ സ്ഥാപനങ്ങൾ മൂന്നും നാലും വർഷങ്ങളുടെ പദ്ധതി രൂപീകരണ നടപടികൾ ആരംഭിക്കേണ്ടതും ഡിസംബർ 31 നകം പ്രോജക്ടുകൾക്കും പദ്ധതികൾക്കും ജില്ലാ ആസൂത്രണ സമിതികളുടെ അംഗീകാരം വാങ്ങേണ്ടതുമാണ്.

**2.4** സഹായിക്കാൻ ആരുമില്ലാത്ത 70 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് അവരുടെ സ്വന്തം പേരിലുള്ള സ്ഥലത്ത് വീട്, കുടിവെള്ളം, കക്കൂസ് എന്നിവയ്ക്കുള്ള ധനസഹായം നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകണമെന്ന് തീരുമാനിച്ചു.

**2.5** ഭവന നിർമ്മാണ ധനസഹായം ലഭിക്കുന്നവർ വീടും വസ്തുവും കൈമാറ്റം ചെയ്യാതിരിക്കാനായി വയ്ക്കുന്ന എഗ്രിമെന്റ് 100 രൂപ സ്റ്റാമ്പ് പേപ്പറിൽ വച്ചാൽ മതിയാകുമെന്ന തീരുമാനമുണ്ടാകണമെന്ന അപേക്ഷ 07.03.2013-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ 3.14 ഇനമായി ചർച്ച ചെയ്തിരുന്നു. ഇ.എം.എസ് ഭവന പദ്ധതിക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇളവു ചെയ്തിരുന്നത് പുതിയ ഭവന പദ്ധതികൾക്കും ബാധകമാക്കണമെന്നും ആവശ്യം ഉയർന്നു വന്നിരുന്നു. ഇതു സംബന്ധിച്ച് ടാക്സസ് വകുപ്പിൽ നിന്ന് ഉത്തരവ് ലഭിക്കുന്നതിന് ശുപാർശ ചെയ്ത് ഫയൽ അയച്ചിരുന്നതുമാണ്. അതിനാൽ ഗുണഭോക്താക്കൾ 12 വർഷത്തേയ്ക്ക് വസ്തുവും വീടും കൈമാറ്റം ചെയ്യുകയില്ലെന്ന കരാർ രജിസ്റ്റർ ചെയ്യുന്നത് മൂന്നാം ഗഡു വിതരണം ചെയ്യുന്നതിനു മുമ്പായി നടത്തിയാൽ മതിയാകുമെന്ന് 19.03.2013-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ ഇനം 2.2 ആയി തീരുമാനിച്ചിരുന്നതാണ്. ഉത്തരവുണ്ടാകുന്നതിലെ കാലതാമസം കണക്കിലെടുത്ത് ഈ ഇളവ് നാലാം ഗഡു വിതരണം ചെയ്യുന്നതിന് മുമ്പ് എന്നു ഭേദഗതി ചെയ്യാൻ യോഗം തീരുമാനിച്ചു.

## 3. പ്രത്യേക വിഷയങ്ങൾ

### 3.1 വിതുര ഗ്രാമപഞ്ചായത്ത് (ഫയൽ നം.38459/എഫ്.എം/13/തസ്വഭവ)തീയതി.26.06.2013

ഫയർ സ്റ്റേഷന് ഭൗതിക സാഹചര്യം ഒരുക്കുന്നതിന് തനത് ഫണ്ട് വിനിയോഗി ക്കാനുള്ള ഗ്രാമപഞ്ചായത്തിന്റെ ആവശ്യം അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.2 ജില്ലാ പഞ്ചായത്ത് എറണാകുളം (ഫയൽ നം.16417/ഇ.ഡബ്ല്യൂ/13/തസ്വഭവ) തീയതി.26.06.2013

ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിക്കുന്നത് സംബന്ധിച്ച് ജില്ലാ പഞ്ചായത്തിന്റെ ആവശ്യം പരിഗണനാർഹമല്ലെന്ന് യോഗം വിലയിരുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.3 ആലുവ നഗരസഭ (ഫയൽ നം.28863/ഡി.ബി.3/13/തസ്വഭവ) തീയതി.26.06.2013

കാർ വാങ്ങിയതിന്റെ അധിക തുകയ്ക്ക് സാധൂകരണം നൽകാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.4 കാർത്തിക നായർ മെമ്മോറിയൽ റിഹാബിലിറ്റേഷൻ സെന്റർ (ഫയൽ നം.65773/ഡി.ബി.2/13/തസ്വഭവ) തീയതി.26.06.2013

കഴിഞ്ഞ സാമ്പത്തിക വർഷത്തെ പദ്ധതിയുമായി ബന്ധപ്പെട്ടതിനാൽ പ്രസക്തമല്ലാത്തതുകൊണ്ട് സെന്ററിന്റെ ആവശ്യം ഇപ്പോൾ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 കരൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം.38000/ഡി.ബി.1/13/തസ്വഭവ) തീയതി.26.06.2013**

ബാക്കി നിൽക്കുന്ന 30 ലക്ഷം രൂപ ഇ.എം.എസ്. ഭവന പദ്ധതിയുടെ വായ്പ തിരിച്ചടയ്ക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 ആശ്രയ പദ്ധതി (ഫയൽ നം.33247/ഐ.എ1/13/തസ്വഭവ) തീയതി.26.06.2013**

ആശ്രയ പദ്ധതിക്ക് പ്രോജക്ട് വയ്ക്കാത്ത പഞ്ചായത്തുകൾക്ക് പുതിയവ വയ്ക്കുന്നതിനും പഴയവ ഭേദഗതി ചെയ്യുന്നതിനും 28.06.2013 വരെ ഡാറ്റാ എൻട്രിക്ക് സമയം നൽകാൻ തീരുമാനിച്ചു. ഇക്കാര്യം ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ അറിയിക്കാൻ കുടുംബശ്രീയെ ചുമതല പ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 കുറുവ ഗ്രാമപഞ്ചായത്ത് – മലപ്പുറം (തീയതി.26.06.2013)**

കുറുവ ഗ്രാമപഞ്ചായത്തിന്റെ ആവശ്യം അംഗീകരിക്കാനും ആശ്രയ പദ്ധതിയിൽ വസ്തു വാങ്ങുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കുന്നതു സംബന്ധിച്ച മേൽ നടപടിക്ക് ടാക്സസ് വകുപ്പിനോട് ശുപാർശ ചെയ്യാനും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത് (തീയതി.26.06.2013)**

മണ്ണിര കമ്പോസ്റ്റ്, യൂണിറ്റ് കോസ്റ്റും സൗര റാന്തൽ വിതരണവും സബ്സിഡി മാനദണ്ഡങ്ങൾ പരിഷ്ക്കരിക്കുമ്പോൾ പരിഗണിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 പൊന്നാനി നഗരസഭ ( ഫയൽ നം. 40243/ഡി.എ1/13/തസ്വഭവ) തീയതി.26.06.2013**

പ്ലാൻ കോഓർഡിനേറ്ററുടെ നിയമനം സംബന്ധിച്ച നഗരസഭയുടെ ആവശ്യം പരിഗണനാർഹമല്ലെന്ന് യോഗം തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 തദ്ദേശസ്വയംഭരണ കമ്മീഷൻ ( ഫയൽ നം. 36426/ആർ.ഡി.1/13/തസ്വഭവ) തീയതി.26.06.2013**

തദ്ദേശസ്വയംഭരണ കമ്മീഷന് അക്കാദമിക് പിന്തുണ നൽകുന്നതിന് കിലയെ ചുമതലപ്പെടുത്താനുള്ള നിർദ്ദേശം അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 വടകര ബ്ലോക്ക് പഞ്ചായത്ത് (തീയതി.26.06.2013)**

ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലകൾ പഞ്ചായത്ത്രാജ് ആക്ടിലെ വ്യവസ്ഥ പ്രകാരം നിർവഹിക്കേണ്ടതാണെന്ന് യോഗം അഭിപ്രായപ്പെട്ടു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 വെച്ചൂർ ഗ്രാമപഞ്ചായത്ത് (തീയതി.26.06.2013)**

ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ട പ്രകാരം ഓരുമുട്ട് നിർമ്മാണ പദ്ധതി കെ.എൽ.ഡി.സി. യെ ചുമതലപ്പെടുത്തുന്നതിന് അംഗീകാരം നൽകി തീരുമാനിച്ചു. കെ.എൽ.ഡി.സി.യെ അംഗീകൃത ഏജൻസികളുടെ പട്ടികയിൽപ്പെടുത്താൻ ഐ.കെ.എം.ന് അനുവാദം നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**കോഓർഡിനേഷൻ കമ്മിറ്റിയുടെ അടുത്ത യോഗം 10.07.2013–ന് നിയമസഭാ മന്ദിരത്തിലെ ബഹു. പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ 2 pm ന് കൂടുന്നതിന് തീരുമാനിച്ചു.**

**(യോഗം 9.15ന് അവസാനിച്ചു)**